പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1260 — 02/02/2017 -ൽ മറുപടിയ്ക്ക്

### അദ്ധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ അദ്ധ്യാപകരെ നിയമിക്കാതെ അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയത് സംബന്ധിച്ച് പരാതികൾ സർക്കാരിലോ, ഡി. പി. ഐ ഓഫീസിലോ ഡി. ഡി. ഓഫീസുകളിലോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കൊല്ലം ജില്ല ഒഴികെ മറ്റ ജില്ലകളിലൊന്നും ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ കേഡർ സ്ട്രെങ്ത് പ്രകാരം, നിയമാനുസൃതമായി പി.എസ്.സിയ്ക്കും, അന്തർ ജില്ലാ സ്ഥലംമാറ്റത്തിനും നൽകേണ്ട ഒഴിവുകൾ നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരം പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) നിയമപരമായ നൽകേണ്ട ഒഴിവുകളുടെ ശതമാന കണക്ക് പ്രകാരം വ്യക്തമായ മറുപടി നൽകിയിട്ടുണ്ട് |
| (സി) ചില ജില്ലകളിൽ അന്തർ ജില്ലാ സ്ഥലം മാറ്റം നൽകിയത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) ഇല്ല |
| (ഡി) ഇത് സംബന്ധിച്ച് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നൽകിയ പരാതികളിൽ ഓരോ ജില്ലകളിലും സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ഡി) ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഇ) അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾ നൽകുമ്പോൾ സ്വീകരിക്കേണ്ട പൊതു മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റം നൽകിയത് പ്രൊമോഷനുകളെ ബാധിച്ചിട്ടുണ്ടെങ്കിൽ ആയത്പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഓരോ റവന്യൂ ജില്ലകളിലെയും ഇത് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; | (ഇ) പൊതു മാനദണ്ഡങ്ങൾ അനുസരിച്ച മാത്രമാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുള്ളത്. ആയത്, പ്രമോഷനെ ഒരു ജില്ലയിലും ബാധിച്ചിട്ടില്ല. |

| | | |
|---|---|---|
| (എഫ്) | പൊതു സ്ഥലം മാറ്റം കഴിഞ്ഞതിനു ശേഷം (എഫ്) ഏതെല്ലാം ജില്ലകളിൽ 'ഇൻട്രാൻസ്ഫർ' സ്ഥലം മാറ്റം നടന്നു; ഇവ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കോ ഡെപ്യൂട്ടി ഡയറക്ടർമാർക്കോ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിൽ എടുത്ത നടപടികൾ എന്തെല്ലാം; സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ സെക്രട്ടറി തലത്തിൽ അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ? | പൊതു സ്ഥലംമാറ്റം കഴിഞ്ഞതിന് ശേഷം ഇൻട്രാൻസ്ഫർ സ്ഥലംമാറ്റം എല്ലാ ജില്ലകളിലും നടന്നിട്ടുണ്ട്. ഇവ സംബന്ധിച്ച് മറ്റ് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ